**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**പത്രക്കുറിപ്പ്**
**കീം 2021**
**ആയൂർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം 2021 മോപ് അപ് കൗൺസിലിംഗിനുശേഷമുള്ള വേക്കൻസികൾ നികത്തുന്നത് സംബന്ധിച്ച്**

2021 വർഷത്തെ ആയൂർവേദ /ഹോമിയോ/സിദ്ധ/യുനാനി മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ മോപ് അപ് കൗൺസിലിംഗിനുശേഷം നിലനിൽക്കുന്ന ഒഴിവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി അതാത് കോളേജ് അടിസ്ഥാനത്തിൽ നികത്തുന്നതാണ്. ഈ ഒഴിവുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി താത്പര്യമുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വിദ്യാർത്ഥികൾ കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 11.7.1 ൽ പ്രതിപാദിക്കുന്ന അസ്സൽ രേഖകളുമായി 08.05.2022, 4.00 മണിക്കകം ഒഴിവുള്ള കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കേണ്ടതാണ്.

08.05.2022, 4.00 മണി വരെ ഹാജരാകുന്ന വിദ്യാർത്ഥികളെ മാർഗനിർദ്ദേശപ്രകാരം പ്രോസ്പെക്ടസ് വ്യവസ്ഥകൾ പാലിച്ച് നിലവിലെ ഒഴിവുകളിലേക്ക് പരിഗണിച്ച് ഒഴിവുകൾ അതാത് കോളേജുകൾ നികത്തുന്നതാണ്. ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ, ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 08.05.2022, 4.00 മണിക്ക് ശേഷം പ്രസ്തുത കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം പ്രസ്തുത സീറ്റുകൾ നികത്തുന്നത് സംബന്ധിച്ച വിശദാംശം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.06 19:53:41 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**06/05/2022**